©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

# പതിനഞ്ചാം കേരള നിയമസഭ

# യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി (2021-2023)

## രണ്ടാമത് റിപ്പോർട്ട്

**(2022 ജൂലൈ 20-ാം തീയതി സഭയിൽ സമർപ്പിച്ചത്)**

**(2021 ജനവരി 1 മുതൽ 2021 ഡിസംബർ 31 വരെ പരിഗണിച്ച വിഷയങ്ങൾ സംബന്ധിച്ച്)**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2022

പതിനഞ്ചാം കേരള നിയമസഭ

## യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി
## (2021-2023)

## രണ്ടാമത് റിപ്പോർട്ട്

**(2022 ജൂലൈ 20- ാം തീയതി സഭയിൽ സമർപ്പിച്ചത്)**

(2021 ജനവരി 1 മുതൽ 2021 ഡിസംബർ 31 വരെ പരിഗണിച്ച വിഷയങ്ങൾ സംബന്ധിച്ച്)

1117/2022.

# ഉള്ളടക്കം

പേജ്


| | | |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം-I | .. | 15 |
| അനുബന്ധം-II | .. | 16 |

## സമിതിയുടെ ഘടന

അദ്ധ്യക്ഷൻ:

ശ്രീ. എ. എൻ. ഷംസീർ, എം.എൽ.എ.

അംഗങ്ങൾ:

ശ്രീ. എം. എസ്. അരുൺ കുമാർ, എം.എൽ.എ.

ശ്രീമതി സി. കെ. ആശ, എം.എൽ.എ.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ, എം.എൽ.എ.

ശ്രീ. മുഹമ്മദ് മുഹസിൻ, എം.എൽ.എ.

ശ്രീ. നജീബ് കാന്തപുരം, എം.എൽ.എ.

ശ്രീ. കെ. എം. സച്ചിൻദേവ്, എം.എൽ.എ.

ശ്രീ. കെ. വി. സുമേഷ്, എം.എൽ.എ.

ശ്രീ. എം. വിജിൻ, എം.എൽ.എ.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീമതി കവിത ഉണ്ണിത്താൻ, സെക്രട്ടറി -ഇൻ-ചാർജ്ജ്

ശ്രീ. മാത്യൂക്കുട്ടി ജി., അഡീഷണൽ സെക്രട്ടറി

ശ്രീമതി ദീപ ആർ. കൃഷ്ണൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ബിന്ദു എസ്., അണ്ടർ സെക്രട്ടറി.

# ആമുഖം

യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി (2021-2023)-യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2021 ജനുവരി 1 മുതൽ 2021 ജൂലൈ 14 വരെയുള്ള കാലയളവിൽ സമിതി (2019-21)-യുടെയും 2021 ജൂലൈ 15 മുതൽ 2021 ഡിസംബർ 31 വരെയുള്ള കാലയളവിൽ സമിതി (2021-23)-യുടെയും പരിഗണനയിൽ വന്ന വിഷയങ്ങൾ, സമിതി നിർദ്ദേശങ്ങൾ എന്നിവ സംബന്ധിച്ചും വ്യക്തികളിൽ നിന്നും സംഘടനാപ്രതിനിധികളിൽ നിന്നും ലഭിച്ച ഹർജികളിന്മേൽ ലഭിച്ച സർക്കാർ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്. റിപ്പോർട്ട് കാലയളവിൽ സമിതി 7 യോഗങ്ങൾ ചേരുകയുണ്ടായി.

18-7-2022-ലെ യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

എ. എൻ. ഷംസീർ

*അദ്ധ്യക്ഷൻ,*

*യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2022 ജൂലൈ 20.

# റിപ്പോർട്ട്

## 2021 ജനുവരി 1 മുതൽ ഡിസംബർ 31 വരെ പരിഗണിച്ച ഹർജി വിഷയങ്ങൾ സംബന്ധിച്ച്

യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 261(O) പ്രകാരം 31-7-2010-ന് രൂപീകൃതമായി. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 261(P)-യിൽ സമിതിയുടെ കർത്തവ്യങ്ങളെക്കുറിച്ച് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 15-ാം കേരള നിയമസഭയുടെ യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി 2021 ജൂൺ 15-ന് രൂപീകൃതമായി.

2. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് നടപ്പിലാക്കുന്ന വിവിധ ക്ഷേമപദ്ധതികളുടെ പ്രവർത്തനം വിലയിരുത്തുക, വ്യക്തികളിൽ നിന്നും സംഘടനകളിൽ നിന്നും സമിതിക്ക് ലഭിക്കുന്ന പരാതികളും നിർദ്ദേശങ്ങളും പരിശോധിച്ച് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുക, കേന്ദ്രാവിഷ്കൃത യുവജനക്ഷേമ പദ്ധതികളുടെ നടത്തിപ്പിന് നേതൃത്വം നൽകുക, യുവജനക്ഷേമ പദ്ധതികൾക്കായി അനുവദിക്കുന്ന സർക്കാർ ഫണ്ട് ശരിയായി വിനിയോഗിക്കുന്നുവെന്നുറപ്പുവരുത്തുക, യുവജനക്ഷേമ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനായുള്ള സ്വയംതൊഴിൽ പരിശീലന പദ്ധതികൾ, സമ്പൂർണ്ണ ശുചിത്വ പദ്ധതികൾ, നാഷണൽ ഹെൽത്ത് മിഷൻ (NHM), കായിക സാംസ്കാരിക പദ്ധതികൾ, വിനോദസഞ്ചാര പദ്ധതികൾ, പൊതുവിദ്യാഭ്യാസ പദ്ധതികൾ എന്നിവയിൽ യുവജനപങ്കാളിത്തം മെച്ചപ്പെടുത്തുവാൻ നേതൃത്വം നൽകുക, യുവജനങ്ങളെയും, യുവജനക്ഷേമത്തെയും സംബന്ധിച്ച് സഭയിൽ ഉയർന്നുവരുന്ന പ്രശ്നങ്ങൾ പരിശോധിക്കുക, സഭയോ, സ്പീക്കറോ പ്രത്യേകം റഫർ ചെയ്യുന്ന വിഷയങ്ങളും സമിതിക്ക് ഉചിതമെന്ന് തോന്നുന്ന വിഷയങ്ങളും ഹർജിയായി പരിഗണിച്ച് നടപടി സ്വീകരിക്കുക തുടങ്ങിയവയാണ് യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ കർത്തവ്യങ്ങൾ.

3. സമിതിക്ക് ലഭിക്കുന്ന വിവിധ ഹർജികളിന്മേൽ ബന്ധപ്പെട്ട സർക്കാർ വകുപ്പുകളിൽ നിന്നും റിപ്പോർട്ട് ലഭ്യമാക്കി പരിശോധിച്ച് പരാതി വിഷയം പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങളും ശിപാർശകളും സർക്കാരിന് നൽകുകയാണ് സമിതിയുടെ പ്രധാന ചുമതല. സർക്കാർ റിപ്പോർട്ടുകൾ സമിതി പരിഗണിക്കുകയും റിപ്പോർട്ട് തൃപ്തികരമല്ലെങ്കിൽ അധികവിവരം ആവശ്യപ്പെടുകയും ആവശ്യമുള്ളപക്ഷം ഹർജിക്കാരനിൽ നിന്നും ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരിൽ നിന്നും സമിതി തെളിവെടുക്കുകയും ചെയ്യുന്നു. കൂടാതെ സമിതിയുടെ പ്രവർത്തന പരിധിയിൽ വരുന്ന പ്രത്യേക വിഷയങ്ങളിൽ പഠനം നടത്തുകയും അതിന്റെ

ഭാഗമായി സന്ദർശനം, തെളിവെടുപ്പ് എന്നിവ നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ സമിതിയുടെ നിർദ്ദേശങ്ങളും ശിപാർശകളും ഉൾപ്പെടുത്തി റിപ്പോർട്ടുകൾ തയ്യാറാക്കി നിയമസഭയിൽ സമർപ്പിക്കുകയും ചെയ്യുന്നു.

4. ബഹു. സ്പീക്കർ നാമനിർദ്ദേശം ചെയ്യുന്ന ഒരു അദ്ധ്യക്ഷനും എട്ട് അംഗങ്ങളുമുൾപ്പെട്ടതാണ് സമിതിയുടെ ഘടന.

5. 2021 ജനുവരി ഒന്നു മുതൽ 2021 ഡിസംബർ 31 വരെയുള്ള കാലയളവിലെ യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി (2019-21), (2021-23) എന്നിവയുടെ പ്രവർത്തനങ്ങളുടെയും സമിതിയുടെ പരിഗണനയിൽ വന്ന വിഷയങ്ങളായ വിദ്യാഭ്യാസ വായ്പ, പി.എസ്.സി. നിയമനം തുടങ്ങി യുവജനങ്ങളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങൾ സംബന്ധിച്ച് സമിതി മുമ്പാകെ ലഭിച്ച ഹർജികളിന്മേൽ ലഭ്യമായ സർക്കാർ റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിട്ടുള്ളത്.

6. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ സമിതി യോഗങ്ങളിൽ ഓൺലൈൻ മുഖേനയും അംഗങ്ങൾക്ക് പങ്കെടുക്കാം എന്ന ബഹു. സ്പീക്കറുടെ നിർദ്ദേശപ്രകാരം 2021-ലെ സമിതി യോഗങ്ങളിൽ അംഗങ്ങൾ ഓൺലൈനിലും ഹാജരായിരുന്നു. ഈ റിപ്പോർട്ട് കാലയളവിൽ സമിതി 7 യോഗങ്ങൾ ചേരുകയുണ്ടായി.

7. സമിതി (2019-21) 2021 ജനുവരി 1 മുതൽ ജൂൺ 14 വരെയുള്ള കാലയളവിൽ മൂന്ന് റിപ്പോർട്ടുകളാണ് സഭയിൽ സമർപ്പിച്ചിട്ടുള്ളത്. സമിതി (2021-23) 2021 ജൂൺ 15 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ ഒരു റിപ്പോർട്ട് സഭയിൽ സമർപ്പിച്ചിട്ടുണ്ട്.

8. സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയിലും യുവജനങ്ങൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും ടൂറിസം മേഖലയുടെ സംഭാവന വളരെ വലുതാണ്. സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയിൽ സാഹസിക വിനോദം അത്യധികം ജനശ്രദ്ധയാകർഷിച്ചു കൊണ്ടിരിക്കുകയാണ്. എന്നാൽ സംസ്ഥാന സർക്കാരിന്റെ കീഴിൽ ഒരു സാഹസിക വിനോദസഞ്ചാര പരിശീലന അക്കാദമി നാളിതുവരെ ആരംഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പ്രസ്തുത അക്കാദമിയുടെ അനിവാര്യത സംബന്ധിച്ച് പഠനം നടത്തുവാൻ സമിതി തീരുമാനിക്കുകയും 14-7-2019 മുതൽ 23-7-2019 വരെയുള്ള കാലയളവിൽ സമിതി അഖിലേന്ത്യാ പഠന പര്യടനം നടത്തുകയും വിവിധ സാഹസിക പരിശീലന അക്കാദമികൾ സന്ദർശിക്കുകയും ചെയ്തു. തുടർന്ന് സംസ്ഥാനത്തെ ആദ്യ വിനോദസഞ്ചാര പരിശീലന അക്കാദമിക്കായി നിശ്ചയിക്കപ്പെട്ട തിരുവനന്തപുരത്തെ വിളപ്പിൽശാല വില്ലേജിൽ സ്ഥിതി ചെയ്യുന്ന ശാസ്താംപാറ 4-9-2019-ൽ സമിതി സന്ദർശിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ

ഉരുത്തിരിഞ്ഞ ആശയങ്ങളും നിർദ്ദേശങ്ങളും ഉൾപ്പെടുത്തിക്കൊണ്ടുള്ള സമിതി (2019-21)-യുടെ ഏഴാമത് റിപ്പോർട്ട് 2021 ജനുവരി 12-ാം തീയതി സഭയിൽ സമർപ്പിച്ചു.

9. അഭ്യസ്തവിദ്യരായ തൊഴിൽരഹിതർ നിരവധിയുള്ള സംസ്ഥാനമാണ് കേരളം. പി.എസ്.സി. യുടെ വിവിധ റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ അവരുടെ നിയമന കാര്യങ്ങളിൽ നേരിടുന്ന പ്രശ്നങ്ങൾ മനസ്സിലാക്കുന്നതിനായി വിവിധ പി. എസ്. സി. റാങ്ക് ലിസ്റ്റുകളിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികളുടെ പ്രതിനിധികളെ പങ്കെടുപ്പിച്ചുകൊണ്ട് 7-10-2020, 15-10-2020, 28-10-2020, 6-11-2020 എന്നീ തീയതികളിൽ വീഡിയോ കോൺഫറൻസ് സംവിധാനത്തിലൂടെ സമിതി യോഗങ്ങൾ സംഘടിപ്പിച്ചിരുന്നു. ഉദ്യോഗാർത്ഥികളെ നേരിൽ കേട്ടതിലൂടെ ലഭ്യമായ വിവരങ്ങൾ, സമിതി മുമ്പാകെ നേരിട്ടും, ഇ-മെയിൽ, തപാൽ എന്നിവ മുഖേനയും ലഭ്യമായ വിവിധ ഹർജികളിലെ വിഷയങ്ങൾ, ഹർജികളിന്മേൽ സർക്കാരിൽ നിന്നും ലഭ്യമായ റിപ്പോർട്ടുകൾ എന്നിവ പരിഗണിച്ചതിന്റെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ സമിതിയുടെ നിഗമനങ്ങളും നിർദ്ദേശങ്ങളും ശിപാർശകളും ഉൾപ്പെടുത്തിക്കൊണ്ടുള്ള സമിതി (2019-21)-യുടെ എട്ടാമത് റിപ്പോർട്ട് 2021 ജനുവരി 22-ാം തീയതി സഭയിൽ സമർപ്പിച്ചു.

10. സമിതി (2019-21)-യുടെ അഞ്ചാമത് റിപ്പോർട്ടിലെ (വിവിധ വകുപ്പുകളിലെ വിവിധ തസ്തികകളിലേയ്ക്കുള്ള പി.എസ്.സി. മുഖേനയുള്ള നിയമനങ്ങളിൽ വിദ്യാഭ്യാസ യോഗ്യതയിൽ വന്ന മാറ്റങ്ങൾ ഉൾക്കൊണ്ട് സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നതിനുള്ള കാലതാമസം സംബന്ധിച്ചും ആയതു കാരണം യുവജനങ്ങൾക്ക് നിയമനം ലഭിക്കുവാൻ കഴിയാത്തതും സംബന്ധിച്ച്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ, ശിപാർശകളിന്മേൽ നടപടി സ്വീകരിക്കാത്തത് സംബന്ധിച്ച സമിതിയുടെ തുടർശിപാർശകൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സമിതി (2019-21)-യുടെ ഒൻപതാമത് റിപ്പോർട്ട് [സമിതി (2019-21)-യുടെ 5-ാമത് റിപ്പോർട്ടിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്] 2021 ജനുവരി 22-ാം തീയതി സഭയിൽ സമർപ്പിച്ചു.

11. 2020 ജനുവരി 1 മുതൽ 2020 ഡിസംബർ 31 വരെയുള്ള കാലയളവിൽ സമിതിയുടെ പരിഗണനയിൽ വന്ന വിഷയങ്ങളും സമിതിയുടെ ശിപാർശകളും ഉൾക്കൊള്ളിച്ചുകൊണ്ട് തയ്യാറാക്കിയ സമിതി (2021-23)-യുടെ ഒന്നാമത് റിപ്പോർട്ട് (ജനറൽ റിപ്പോർട്ട്) 2021 നവംബർ മാസം 11-ാം തീയതി സഭയിൽ സമർപ്പിച്ചു.

12. 2021 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ സമിതി പരിഗണിച്ച വിവിധ ഹർജി വിഷയങ്ങളിന്മേൽ സർക്കാർ ലഭ്യമാക്കിയ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞ സമിതിയുടെ നിഗമനങ്ങളും നിർദ്ദേശങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ളതാണ് ഈ റിപ്പോർട്ട്. റിപ്പോർട്ട് കാലയളവിൽ സമിതി പരിഗണിച്ച അനുകൂല സർക്കാർ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ നടപടി

അവസാനിപ്പിച്ച ഫയലുകളുടെ പട്ടിക അനുബന്ധം I ആയും സർക്കാരിന്റെ വിവിധ വകുപ്പുകൾ ലഭ്യമാക്കിയ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ നടപടി അവസാനിപ്പിച്ച ഫയലുകളുടെ പട്ടിക അനുബന്ധം II ആയും ചേർത്തിട്ടുണ്ട്.

13. 2021 ജനുവരി 1 മുതൽ 31 വരെയുള്ള കാലയളവിൽ സമിതി യുവജനങ്ങൾക്ക് ഉപകാരപ്രദമായ പല സുപ്രധാന നിർദ്ദേശങ്ങളും ശിപാർശകളും മുന്നോട്ടുവയ്ക്കുകയുണ്ടായി.

14. സാഹസിക വിനോദ സഞ്ചാര മേഖലയിലെ പ്രവർത്തനങ്ങളിൽ സുരക്ഷിതത്വം ഉറപ്പുവരുത്തേണ്ടത് അനിവാര്യമാണ്. സാഹസിക വിനോദസഞ്ചാര മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ വ്യക്തികളും, സ്ഥാപനങ്ങളും അവരുടെ മേഖലയിൽ മികച്ച ട്രെയിനിംഗ് നേടേണ്ടത് അത്യാവശ്യമാണ്. അതുപോലെ തന്നെ ഈ മേഖലയിൽ ഉപയോഗിക്കുന്ന ഉപകരണങ്ങൾക്ക് ഗുണനിലവാരം ഉറപ്പുവരുത്തേണ്ടതുമുണ്ട്. ഈ ലക്ഷ്യങ്ങളെ മുന്നിൽ കണ്ടുകൊണ്ട് സാഹസിക വിനോദസഞ്ചാര മേഖലയിൽ പാലിക്കേണ്ട സുരക്ഷാ മാനദണ്ഡങ്ങൾ മുൻനിർത്തി സാഹസിക ടൂറിസം മേഖലയിലെ സുരക്ഷാമാനദണ്ഡങ്ങൾ തയ്യാറാക്കുവാൻ വിനോദ സഞ്ചാര വകുപ്പ് തീരുമാനിച്ചിട്ടുണ്ട് എന്ന് പ്രസ്തുത വകുപ്പ് സമിതിയെ അറിയിച്ചിട്ടുണ്ട്.

15. സാഹസിക വിനോദ സഞ്ചാര മേഖലയിലെ സുരക്ഷാ മാനദണ്ഡങ്ങൾ തയ്യാറാക്കുന്നതിനായി വിനോദ സഞ്ചാര വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന കേരള അഡ്വഞ്ചർ ടൂറിസം പ്രമോഷൻ സൊസൈറ്റിയുടെ (KATPS) നേതൃത്വത്തിൽ ഒരു വിദഗ്ധ കമ്മിറ്റിയെ ചുമതലപ്പെടുത്തുകയും പ്രസ്തുത കമ്മിറ്റിയുടെ നേതൃത്വത്തിൽ കേരളത്തിൽ ഇന്ന് കൂടുതൽ പ്രചാരത്തിലുള്ള 31 സാഹസിക ടൂറിസം ആക്ടിവിറ്റികളെ ഉൾപ്പെടുത്തി ഒരു സമഗ്രമായ സാഹസിക ടൂറിസം സേഫ്റ്റി ആൻഡ് സെക്യൂരിറ്റി ഗൈഡ്‌ലൈൻസ് തയ്യാറാക്കുകയും 14-10-2019 തീയതിയിലെ സർക്കാർ ഉത്തരവ് സ.ഉ. (കൈ.) നം.18/2019/ടൂറിസം ആയി പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. സാഹസിക ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പ്രസ്തുത ഗൈഡ്‌ലൈൻസ് മാതൃകയാക്കി അവരുടെ പ്രവർത്തനങ്ങൾ നടത്താവുന്നതാണ്. കര, ജല, വ്യോമ മേഖലയിലെ സാഹസിക ടൂറിസം പ്രവർത്തനങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള സമഗ്രമായ ടി ഗൈഡ് ലൈൻസ് ഇന്ത്യയിൽ തന്നെ ചുരുക്കം സ്ഥാപനങ്ങളിലേ നിലവിലുള്ളൂ.

16. സാഹസിക വിനോദസഞ്ചാര മേഖലയിലെ സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനായി ഒരു ഓൺലൈൻ രജിസ്ട്രേഷൻ സമ്പ്രദായം നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ വിനോദസഞ്ചാര വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. അതിനായുള്ള സോഫ്റ്റ്‌വെയർ സമ്പ്രദായം നിലവിൽ വരുന്നതോടുകൂടി സംസ്ഥാനത്തെ സാഹസിക ടൂറിസം മേഖലയിൽ പ്രവർത്തിക്കുന്ന വ്യക്തികളും സ്ഥാപനങ്ങളും ടി സമ്പ്രദായത്തിന്റെ ഭാഗമാകേണ്ടതാണ്. പ്രസ്തുത രജിസ്ട്രേഷൻ രീതിയനുസരിച്ച് ഒരു വിദഗ്ധ കമ്മിറ്റിയുടെ നേരിട്ടുള്ള പരിശോധനാ

റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ ആണ് രജിസ്ട്രേഷൻ അനുവദിക്കുന്നതെന്നും KATPS ഒരു നോഡൽ ഏജൻസിയായി പ്രവർത്തിക്കുമെന്നും സമിതിക്ക് അറിവായിട്ടുണ്ട്. ടി രജിസ്ട്രേഷൻ ലഭ്യമാക്കുന്നതിനായി നടപ്പിൽ വരുത്തേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

1. ആ സ്ഥാപനത്തിൽ പ്രവർത്തിക്കുന്ന വ്യക്തികളുടെ യോഗ്യതയും അനുഭവജ്ഞാനവും.
2. ഉപയോഗിക്കുന്ന ഉപകരണങ്ങളുടെ ഗുണനിലവാരം.
3. പ്രഥമ ശുശ്രൂഷയിൽ ഉണ്ടായിരിക്കേണ്ട അറിവ്.
4. പങ്കെടുക്കുന്നവർക്കും, ജീവനക്കാർക്കും വേണ്ട ഇൻഷ്വറൻസ് കവറേജ്.

5 ആക്ടിവിറ്റികളിൽ പങ്കെടുക്കുമ്പോൾ ഉണ്ടാകാൻ ഇടയുള്ള റിസ്കിനെ കുറിച്ച് പങ്കെടുക്കുന്നവരെ ബോധവാന്മാരാക്കുന്നതിനുള്ള നടപടികൾ.

17. സംസ്ഥാനത്ത് സാഹസിക വിനോദസഞ്ചാര മേഖലയിൽ പ്രവർത്തിക്കുന്ന എല്ലാ വ്യക്തികളും സ്ഥാപനങ്ങളും സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ച് നിശ്ചിത സമയത്തിനുള്ളിൽ രജിസ്ട്രേഷൻ സമ്പ്രദായത്തിന്റെ ഭാഗമാകണമെന്നുള്ള നിർദ്ദേശം നൽകാൻ വിനോദസഞ്ചാര വകുപ്പ് തീരുമാനിച്ചിട്ടുണ്ട്. അതിലൂടെ സാഹസിക വിനോദസഞ്ചാര മേഖലയിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുവാനും കൂടുതൽ വിനോദസഞ്ചാരികളെ ആത്മവിശ്വാസത്തോടുകൂടി പ്രസ്തുത മേഖലയിലേക്ക് ആകർഷിക്കുവാനും സാധിക്കും എന്ന പ്രതീക്ഷയാണ് വിനോദസഞ്ചാര വകുപ്പിനുള്ളത്. അക്കാര്യങ്ങളെല്ലാം സംസ്ഥാനത്തിന്റെ വിനോദ സഞ്ചാരമേഖലയുടെ വളർച്ചയ്ക്ക് മുതൽക്കൂട്ടാകുമെന്ന് സമിതി പ്രത്യാശിക്കുന്നു.

18. വനം വകുപ്പിന്റെ വിവിധ ഡിവിഷനുകളിൽ ഇക്കോടൂറിസം പരിപാടികൾ നിയമാനുസൃതമായ എല്ലാ സുരക്ഷാ നടപടികളും പാലിച്ചുകൊണ്ട് നടത്തി വരുന്നുണ്ടെന്നും പരിസ്ഥിതി അവബോധത്തിന്റെ ഭാഗമായുള്ള ട്രക്കിംഗ്, ക്യാമ്പിംഗ് എന്നിവ അതാത് വനമേഖലകളിൽ അറിവും പ്രായോഗിക ജ്ഞാനവും പരിശീലനവും നേടിയ ഡിപ്പാർട്ട്മെന്റ് സ്റ്റാഫുകളുടെയും വനമേഖലയിൽ പരിചയ സമ്പത്തുള്ള ഇക്കോഡെവലപ്മെന്റ് കമ്മിറ്റി അംഗങ്ങളുടെയും മേൽ നോട്ടത്തിൽ അപകടരഹിതമായി സാദ്ധ്യമായ എല്ലാ മുൻകരുതലുകളും പാലിച്ച് നടത്തുന്നതും പ്രതീക്ഷയ്ക്ക് വക നൽകുന്നു.

19. സംസ്ഥാനത്തെ സാഹസിക-വിനോദസഞ്ചാര അക്കാദമികളുടെ ഫലപ്രദമായ പ്രവർത്തനത്തിന് ആവശ്യമായ നടപടികൾ കായിക യുവജനകാര്യ വകുപ്പ് സ്വീകരിക്കുമെന്നും സമിതി പ്രത്യാശിക്കുന്നു.

20. സംസ്ഥാനത്തെ വിവിധ വകുപ്പുകളിലുണ്ടാകുന്ന ഒഴിവുകൾ സമയബന്ധിതമായി പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്ന ഗവൺമെന്റ് ഉത്തരവ് നടപ്പാക്കുന്നതിൽ ഭരണ വകുപ്പുകൾ ജാഗ്രത പുലർത്തണമെന്ന് റിപ്പോർട്ട് കാലയളവിൽ സമിതി കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

21. ഡയറ്റ് അദ്ധ്യാപക തസ്തികകളിൽ പി.എസ്.സി. മുഖേന നിയമനം നടത്താതിരുന്നാൽ സ്കൂളുകളിലെ അദ്ധ്യാപകർ ബൈട്രാൻസ്ഫർ നിയമനം നേടിയെടുക്കുകയും എം.എഡ്. പോലെ ഉയർന്ന യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾക്ക് ഡയറ്റ് അദ്ധ്യാപകരായി നിയമനം ലഭിക്കാതെ വരികയും ചെയ്യുമെന്ന് നിരീക്ഷിച്ച സമിതി സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്ത് ഡയറ്റ് അദ്ധ്യാപക നിയമനം പി.എസ്.സി. വഴി നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് പൊതുവിദ്യാഭ്യാസ വകുപ്പിനോട് നിർദ്ദേശിച്ചിട്ടുണ്ട്.

22. കേരളത്തിലെ വിവിധ സർവ്വകലാശാലകളിലെ വിവിധ വകുപ്പുകളിൽ വിരമിച്ച ഉദ്യോഗസ്ഥർ ജോലിയിൽ തുടരുന്നതിനാലും അർഹരായവർക്ക് പ്രൊമോഷൻ സമയബന്ധിതമായി നൽകാത്തതിനാലും ധാരാളം പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ടെന്ന് നിരീക്ഷിച്ച സമിതി അസിസ്റ്റന്റ് പ്രൊഫസർ, പ്രൊഫസർ, അസോസിയേറ്റ് പ്രൊഫസർ തസ്തികകളിൽ സേവനമനുഷ്ഠിക്കുന്നവരിൽ അർഹരായവർക്ക് യഥാസമയം പ്രൊമോഷൻ നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് ബന്ധപ്പെട്ട വകുപ്പിനോട് നിർദ്ദേശിച്ചിട്ടുണ്ട്.

<u>റിപ്പോർട്ട് കാലയളവിൽ സമിതിയുടെ ഇടപെടൽ മൂലം പരിഹൃതമായതും/ പരിഹൃതമാക്കുന്നതിന് വേണ്ട തുടർ നടപടി സർക്കാർ തലത്തിൽ സ്വീകരിച്ചുവരുന്നതും പ്രസക്തമായതുമായ ഹർജി വിഷയങ്ങൾ സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.</u>

1. വിഷയം:-അസിസ്റ്റന്റ് പബ്ലിക്ക് പ്രോസിക്യൂട്ടർ തസ്തികയിലെ നിയമനം ത്വരിതപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് അസിസ്റ്റന്റ് പബ്ലിക്ക് പ്രോസിക്യൂട്ടർ റാങ്ക് ഹോൾഡേഴ്സിനുവേണ്ടി അഡ്വ. സൈജു എസ്. എറണാകുളം സമർപ്പിച്ച ഹർജി

(ഫയൽ നമ്പർ 20464/വൈ.എ.സി.2/2020/നി.സെ.)

(ഗവ. റഫറൻസ് നമ്പർ സി4/235/2020/ആഭ്യന്തരം, തീയതി 6-2-2021)

അസിസ്റ്റന്റ് പബ്ലിക്ക് പ്രോസിക്യൂട്ടർ തസ്തികയിലെ ഒഴിവുള്ള 13 തസ്തികകൾ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലായെന്നും കൂടാതെ 2021-ലെ പ്രതീക്ഷിത ഒഴിവുകൾ 31-10-2020-ന് മുമ്പായി പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യാൻ ആഭ്യന്തര വകുപ്പോ ഡയറക്ടറേറ്റ് ഓഫ് പ്രോസിക്യൂഷനോ നടപടി സ്വീകരിച്ചിട്ടില്ലെന്നും ഹർജിയിൽ പരാമർശിച്ചിരുന്നു.

പ്രസ്തുത ഹർജി പരിഗണിച്ച സമിതി ആയത് അടിയന്തര നടപടിക്കും റിപ്പോർട്ടിനുമായി ആഭ്യന്തര വകുപ്പിലേയ്ക്ക് അയച്ചു.

ഹർജിയിന്മേൽ ആഭ്യന്തര (സി) വകുപ്പ് 6-2-2021-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു:

"കേരള നിയമസഭയുടെ യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി (2019-21) മുമ്പാകെ, അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ തസ്തികയിലെ നിയമനം സംബന്ധിച്ച് അഡ്വ. സൈജു എസ് സമർപ്പിച്ച പരാതി 15-10-2020-ലെ സമിതിയോഗം പരിഗണിക്കുകയും നിലവിൽ പതിമൂന്ന് ഒഴിവുകൾ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്ന് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ലായെന്നും കൂടാതെ 2021-ലെ പ്രതീക്ഷിത ഒഴിവുകൾ 31-10-2020-ന് മുമ്പായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ ആഭ്യന്തര വകുപ്പോ ഡയറക്ടറേറ്റ് ഓഫ് പ്രോസിക്യൂഷനോ നടപടി സ്വീകരിച്ചില്ലെന്നും ആരോപിച്ച് സമർപ്പിച്ച പരാതിയിന്മേൽ അടിയന്തര നടപടി സ്വീകരിച്ച് വിശദമായ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിച്ചിരുന്നു. സമിതിയുടെ നിർദ്ദേശത്തിന്മേൽ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കും പ്രകാരം സമർപ്പിക്കുന്നു.

27-10-2020-ലെ സി4/131/2020/ആഭ്യന്തരം നമ്പർ കത്ത് പ്രകാരം സർക്കാർ അസിസ്റ്റന്റ് പബ്ലിക് പ്രോസിക്യൂട്ടർ ഗ്രേഡ്-II തസ്തികയുടെ 5 എൻ.ജെ.ഡി. ഒഴിവുകൾ ഉൾപ്പെടെ 12 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 13 ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുണ്ട് എന്നാണ് ഹർജിക്കാരൻ അറിയിച്ചിരിക്കുന്നത്. ആയതിനാൽ ഒരു ഒഴിവ് കൂടി റിപ്പോർട്ട് ചെയ്യാനുണ്ടോ എന്നത് സംബന്ധിച്ച് പ്രോസിക്യൂഷൻ ഡയറക്ടറോട് റിപ്പോർട്ട് സമർപ്പിക്കുവാൻ ആവശ്യപ്പെടുകയും അതനുസരിച്ച് പ്രസ്തുത ഒഴിവ് പ്രോസിക്യൂഷൻ ഡയറക്ടർ സർക്കാരിന് നിശ്ചിത പ്രഫോർമയിൽ നൽകിയിട്ടുണ്ട്. ടി ഒഴിവ് 21-1-2021-ലെ സി4/264/2020/ആഭ്യന്തരം നമ്പർ കത്ത് പ്രകാരം കേരള പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പ്രോസിക്യൂഷൻ ഡയറക്ടർ ജനറൽ 27-10-2020-ലെ കത്ത് പ്രകാരം 2021-ലെ പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയത് 11-11-2020-ലെ സി4/231/2020/ആഭ്യന്തരം നമ്പർ കത്ത് പ്രകാരം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്."

ടി റിപ്പോർട്ട് സമിതിയുടെ 29-11-2021-ലെ യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

സമിതിയുടെ ഇടപെടൽകൊണ്ട് ഹർജി വിഷയം പരിഹൃതമായതിൽ സമിതിക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്.

2. വിഷയം:-ഭിന്നശേഷിക്കാർക്ക് പി.എസ്.സി.യുടെ വകുപ്പുതല പരീക്ഷകളിൽ ഓൺലൈനായി അപേക്ഷിക്കാനുള്ള അവസരമുണ്ടാക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. പ്രസാദ് പി.എസ്. സമർപ്പിച്ച ഹർജി

(ഫയൽ നം. 20465/വൈ.എ.സി3/2020/നി.സെ.)

(ഗവ. റഫറൻസ് നം. ഉപ.സി2/221/2020/ഉ.ഭ.പ.വ., തീയതി 13-1-2021)

ഹർജി വിഷയം സംബന്ധിച്ച് ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ-സി) വകുപ്പ് 13-1-2021-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ഭിന്നശേഷിക്കാർക്ക്, പി.എസ്.സി. നടത്തുന്ന വകുപ്പുതല പരീക്ഷകളിൽ ഓൺലൈൻ മുഖേന അപേക്ഷിക്കുവാനും അപേക്ഷാ ഫീസ് ഒടുക്കുവാനുമുള്ള അവസരമുണ്ടാക്കണമെന്നും, വകുപ്പുതല പരീക്ഷകൾക്കും ഭിന്നശേഷിക്കാരായ ഉദ്യോഗസ്ഥരുടെ വകുപ്പുതല പരീക്ഷകൾക്കുമുള്ള വിജ്ഞാപനങ്ങളും ഫലവും ഒരേ സമയം തന്നെ പ്രസിദ്ധീകരിക്കണമെന്നുമാണ് സമിതി (2019-21) മുമ്പാകെ ശ്രീ. പി. എസ്. പ്രസാദ് സമർപ്പിച്ച ഹർജിയിലെ ഈ വകുപ്പുമായി ബന്ധപ്പെട്ട ആവശ്യം.

ഭിന്നശേഷി തെളിയിക്കുന്ന സർട്ടിഫിക്കറ്റ് അടക്കമുള്ള രേഖകൾ അപ്-ലോഡ് ചെയ്യേണ്ടതുണ്ട് എന്നതിനാൽ വകുപ്പുതല പരീക്ഷയുമായി ബന്ധപ്പെട്ട അന്ധതയുള്ള ഉദ്യോഗസ്ഥരുടെ അപേക്ഷയും അപേക്ഷാ ഫീസ് അടയ്ക്കലും ഓൺലൈൻ സംവിധാനത്തിലേക്ക് മാറ്റുന്നതിന് സോഫ്റ്റ്‌വെയർ പരിഷ്കരണം ആവശ്യമായതിനാൽ മേൽ പ്രകാരമുള്ള സംവിധാനം ഏർപ്പെടുത്തുന്നതിന് കുറച്ചുകൂടി സമയം ആവശ്യമാണെന്ന് പബ്ലിക് സർവ്വീസ് കമ്മീഷൻ അറിയിച്ചിട്ടുണ്ട്. സോഫ്റ്റ്‌വെയർ പരിഷ്കരണം പൂർത്തിയാവുന്ന മുറയ്ക്ക് അന്ധതയുള്ള ഉദ്യോഗസ്ഥരുടെ വാചാ പരീക്ഷയുടെ നടപടികളും ഓൺലൈൻ സംവിധാനത്തിലേക്ക് മാറുന്നതാണെന്നും പബ്ലിക് സർവ്വീസ് കമ്മീഷൻ അറിയിച്ചിട്ടുണ്ട്.

വകുപ്പുതല പരീക്ഷകൾക്കും അന്ധതയുള്ള ഉദ്യോഗസ്ഥരുടെ വാചാപരീക്ഷകൾക്കുമുള്ള വിജ്ഞാപനങ്ങളും ഫലവും വളരെ നാളുകളായി ഒരേ സമയം തന്നെ പ്രസിദ്ധപ്പെടുത്തുന്നുണ്ടെന്നും, കോവിഡ് വ്യാപന സാഹചര്യമായതിനാലാണ് 2020 ജനുവരിയിലെ വിജ്ഞാപനപ്രകാരമുള്ള വാചാപരീക്ഷ നടത്തുവാൻ കഴിയാതിരുന്നതെന്നും പബ്ലിക് സർവ്വീസ് കമ്മീഷൻ അറിയിച്ചിട്ടുണ്ട്. 2020 ജനുവരിയിലെ അപേക്ഷാർത്ഥികളെ കൂടി ഉൾപ്പെടുത്തി 2020 ജൂലൈയിലെ വാചാപരീക്ഷയുടെ നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നുവെന്നും പബ്ലിക് സർവ്വീസ് കമ്മീഷൻ അറിയിച്ചിട്ടുണ്ട് ."

പ്രസ്തുത റിപ്പോർട്ട് 3-2-2021-ൽ ചേർന്ന സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് സഹായകരമായ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ പി.എസ്.സി.-യുടെ ഭാഗത്തുനിന്നും ഉണ്ടാകുമെന്ന് അറിവായതിൽ സമിതിക്ക് ചാരിതാർത്ഥ്യമുണ്ട്.

3. വിഷയം:-മകളുടെ പേരിലുള്ള വിദ്യാഭ്യാസ വായ്പാ തിരിച്ചടവിൽ ഇളവുകൾ അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീമതി സൂസമ്മ ജോർജ് , തിരുവനന്തപുരം സമർപ്പിച്ച ഹർജി

(ഫയൽ നമ്പർ 15484/വൈ.എ.സി.3/2012/നി.സെ.)

(ഗവ. റഫറൻസ് നമ്പർ 10251/എഫ്2/2012/പ്ലാനിങ്, തീയതി 21-4-2021)

ബി.എസ്സി. നഴ്സിംഗ് പഠനത്തിനായി കാനറാ ബാങ്ക് കന്റോൺമെന്റ് ശാഖയിൽ നിന്നും മകളുടെ പേരിൽ എടുത്ത വിദ്യാഭ്യാസ വായ്പയുടെ തിരിച്ചടവിൽ ഇളവുകൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീമതി സൂസമ്മ ജോർജ്, തിരുവനന്തപുരം സമർപ്പിച്ച ഹർജിയിന്മേൽ ആസൂത്രണ സാമ്പത്തികകാര്യ (എഫ്) വകുപ്പ് 21-4-2021 -ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ടിൽ ഹർജിക്കാരിയുടെ മകൾക്ക് വിദ്യാഭ്യാസ വായ്പയായി 4,00,000 രൂപ അനുവദിച്ചതിൽ 1,60,392 രൂപ സർക്കാർ സബ്സിഡിയായി ലഭിച്ചിട്ടുണ്ടെന്നും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം പ്രസ്തുത വായ്പ 13-9-2014-ൽ തീർപ്പാക്കിയിട്ടുണ്ടെന്നും കാനറാ ബാങ്ക് കന്റോൺമെന്റ് ശാഖാ മാനേജർ റിപ്പോർട്ട് ചെയ്തിട്ടുള്ളതായി പരാമർശിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ട് സമിതിയുടെ 22-9-2021-ലെ യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

4. വിഷയം:-വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീമതി ആഷ്‌ലി എൽദോസ്, കോതമംഗലം സമർപ്പിച്ച ഹർജി

(ഫയൽ നമ്പർ 15702/വൈ.എ.സി.1/2012/നി.സെ.)

(ഗവ. റഫറൻസ് നമ്പർ 11635/എഫ്2/2012/പ്ലാനിംഗ്, തീയതി 29-2-2016)

(ഗവ. റഫറൻസ് നമ്പർ PLGEA-F2/210/2019-PLGEA, തീയതി 2-6-2021)

വിദ്യാഭ്യാസ വായ്പയ്ക്ക് കോതമംഗലം യൂണിയൻ ബാങ്കിനെ സമീപിച്ചപ്പോൾ വായ്പ ലഭിക്കാത്തതിനെ തുടർന്ന് എച്ച്.ഡി.എഫ്.സി. ബാങ്കിനെ സമീപിക്കുകയും വായ്പ ലഭ്യമായെങ്കിലും മറ്റ് നാഷണലൈസ്ഡ് ബാങ്കുകളിൽ നിന്നും വ്യത്യസ്തമായി പ്രസ്തുത ബാങ്ക് വ്യത്യസ്ത വ്യവസ്ഥകൾ നിഷ്കർഷിക്കുന്നുവെന്നും അത്തരത്തിൽ പല ബാങ്കുകളിൽ

പല വ്യവസ്ഥകൾ നിലനിൽക്കുന്ന രീതി ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീമതി ആഷ്‍ലി എൽദോസ്, കോതമംഗലം സമർപ്പിച്ച ഹർജിയിന്മേൽ 29-2-2016-ൽ ആസൂത്രണ സാമ്പത്തികകാര്യ (എഫ്) വകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"മോറട്ടോറിയം കാലയളവിൽ പലിശ അടയ്ക്കുവാൻ താൽപ്പര്യപ്പെടുന്നവർക്ക് ബാങ്ക് പലിശ നിരക്കിൽ 1% ഇളവ് അനുവദിക്കാറുണ്ടെന്നും ഐ.ബി.എ. മാനദണ്ഡ പ്രകാരം പലിശ നിരക്ക് ബാങ്കിന്റെ അടിസ്ഥാന നിരക്കിനോട് ബന്ധപ്പെടുത്തിയാണ് കണക്കാക്കുന്നതെന്നും അത് ബാങ്കിന് തന്നെ തീരുമാനിക്കാവുന്നതാണെന്നും വിദ്യാഭ്യാസ വായ്പയ്ക്ക് നിശ്ചിത നിരക്കിലാണ് പലിശ ഈടാക്കുന്നതെന്നും മോറട്ടോറിയം കാലയളവിനുള്ളിൽ വായ്പ അടച്ചുതീർക്കുമ്പോഴാണ് പ്രീ-പേയ്മെന്റ് ചാർജ്ജ് ഈടാക്കുന്നതെന്നും മോറട്ടോറിയം കാലയളവിന് ശേഷം വായ്പ അടച്ചുതീർത്താൽ പ്രീ-പേയ്മെന്റ് ചാർജ്ജ് ഈടാക്കുന്നില്ലെന്നും എച്ച്.ഡി.എഫ്.സി. കോതമംഗലം ശാഖാ മാനേജർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്."

സമിതിയുടെ 2-8-2017-ലെ യോഗത്തിൽ പ്രസ്തുത റിപ്പോർട്ട് പരിഗണിച്ച സമിതി വിദ്യാഭ്യാസ വായ്പയ്ക്ക് പ്രീ-പേയ്മെന്റ് ചാർജ്ജ് ഈടാക്കുന്നുണ്ടെങ്കിൽ ആയത് ഒഴിവാക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുവാൻ സർക്കാരിനോട് ശിപാർശ ചെയ്തിരുന്നു.

പ്രസ്തുത ശിപാർശയിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച് ആസൂത്രണ സാമ്പത്തികകാര്യ (എഫ്) വകുപ്പ് 2-6-2021-ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"വായ്പാ കാലയളവിനുമുൻപ് വിദ്യാഭ്യാസ വായ്പ അടച്ചുതീർക്കുമ്പോൾ പ്രീ-പേയ്മെന്റ് ചാർജ് ഈടാക്കാൻ പാടുള്ളതല്ല എന്നും ഫ്ലോട്ടിംഗ് റേറ്റിൽ പലിശ ഈടാക്കുന്ന വായ്പകൾ നേരത്തേ അടച്ചുതീർക്കുമ്പോൾ പ്രീ-പേയ്മെന്റ് ചാർജ് ഈടാക്കരുതെന്ന് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിർദ്ദേശമുള്ളതിനാൽ വിദ്യാഭ്യാസ വായ്പയ്ക്ക് പ്രീ-പേയ്മെന്റ് ചാർജ് ഈടാക്കുന്നത് ഒഴിവാക്കിയിട്ടുണ്ട്."

പ്രസ്തുത റിപ്പോർട്ട് 29-11-2021-ൽ ചേർന്ന സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

വിദ്യാഭ്യാസ വായ്പ എടുത്ത നിരവധി പേർക്ക് ആയതിന്റെ പ്രയോജനം ലഭ്യമാകുമെന്നതിൽ സമിതിക്ക് അതിയായ ചാരിതാർത്ഥ്യമുണ്ട്.

5. വിഷയം:-മകന്റെ പേരിലുള്ള വിദ്യാഭ്യാസ വായ്പാ തിരിച്ചടവിൽ പലിശ ഇളവ് അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീമതി സുജാത യേശുദാസ്, കൊല്ലം സമർപ്പിച്ച ഹർജി

(ഫയൽ നമ്പർ 15561/വൈ.എ.സി.1/2012/നി.സെ.)

(ഗവ.റഫറൻസ് നമ്പർ 10970/എഫ്2/2012/പ്ലാനിങ്, തീയതി 21-4-2021)

പഠനത്തിനായി മകന്റെ പേരിൽ എടുത്ത വിദ്യാഭ്യാസ വായ്പയുടെ തിരിച്ചടവിൽ പലിശ ഇളവ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീമതി സുജാത യേശുദാസ്, കൊല്ലം സമർപ്പിച്ച ഹർജിയിന്മേൽ ആസൂത്രണ സാമ്പത്തികകാര്യ (എഫ്) വകുപ്പ് 21-4-2021 -ലെ കത്ത് മുഖേന ലഭ്യമാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"ഹർജിക്കാരിയുടെ മകന് അനുവദിച്ച വിദ്യാഭ്യാസ വായ്പയിൽ ആകെ 13,932 രൂപ സബ്സിഡിയായി ലഭ്യമാവുകയും തിരിച്ചടവില്ലാത്തതിനാൽ ടി വായ്പ നിഷ്ക്രിയ ആസ്തിയായി മാറുകയും പിന്നീട് 4,14,474 രൂപ ഇളവ് നൽകിക്കൊണ്ട് 15-12-2015-ൽ 2,50,000 രൂപ അടച്ച് തീർപ്പാക്കിയിട്ടുണ്ടെന്നും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ തങ്കശ്ശേരി ശാഖാ മാനേജർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്."

പ്രസ്തുത റിപ്പോർട്ട് 22-9-2021-ൽ ചേർന്ന സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.

ഹർജിക്കാരിയെ പോലെ അനേകം പേർക്ക് സമിതിയുടെ ഇടപെടൽ സഹായകരമായി എന്നത് ചാരിതാർത്ഥ്യം ഉളവാക്കുന്നതാണ്. സമിതിയുടെ കർത്തവ്യങ്ങൾ നിറവേറ്റുന്നതിന് വേണ്ട പ്രവർത്തനങ്ങൾ തുടർന്നും സമിതിയുടെ ഭാഗത്തുനിന്ന് ഉണ്ടാകുന്നതാണ്.

6. വിഷയം:-പി.എസ്.സി. മുഖേനയുള്ള നിയമനം സംബന്ധിച്ച് ശ്രീ. മൻമോഹൻരാജ് സമർപ്പിച്ച ഹർജി

(ഫയൽ നം.14710/വൈ.എ.സി2/2016/നി.സെ.)

(ഗവ. റഫറൻസ് നം.റൂൾസ്1/399/2016/ഉ.ഭ.പ.വ., തീയതി 19-8-2020)

പി.എസ്.സി. മുഖേനയുള്ള നിയമനത്തിനായി അപേക്ഷിക്കുന്നതിനുള്ള പൊതുവ്യവസ്ഥയിൽ പൊതുനിയമനത്തിനുള്ള പബ്ലിക് സർവ്വീസ് കമ്മീഷൻ വിജ്ഞാപന കാലയളവിൽ നിശ്ചിത പ്രായപരിധി പൂർത്തിയായിട്ടുള്ള ഉദ്യോഗാർത്ഥികളുടെ

അപേക്ഷയും സ്വീകരിക്കുന്നതാണ് എന്ന വ്യവസ്ഥ കൂടി ഉൾപ്പെടുത്തണം എന്നതായിരുന്നു കേരള നിയമസഭയുടെ യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതി മുമ്പാകെ ശ്രീ. മൻമോഹൻരാജ് സമർപ്പിച്ച ഹർജിയിലെ ആവശ്യം.

പ്രസ്തുത ഹർജിയിന്മേൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര (റൂൾസ്) വകുപ്പ് 19-8-2020-ലെ കത്ത് മുഖേന ലഭ്യമാക്കിയ ഇടക്കാല റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

“6-1-1977-ലെ സ.ഉ. (പി.) നം.12/77/പി.ഡി. പ്രകാരമുള്ള Public Services (Date For Determination of Age For Eligibility For Appointment) Rules, 1977 അനുസരിച്ചാണ് വിജ്ഞാപന വർഷത്തിലെ ജനുവരി ഒന്നിലെ പ്രായം പി.എസ്.സി. മുഖേനയുള്ള നിയമനത്തിന് അടിസ്ഥാനമാക്കിയിട്ടുള്ളത്.എന്നാൽ ഹർജിയിലെ ആവശ്യം കണക്കിലെടുത്ത് പി.എസ്.സി. മുഖേനയുള്ള പരീക്ഷകൾക്ക് അപേക്ഷിക്കാനുള്ള കുറഞ്ഞ പ്രായം പി.എസ്.സി. വിജ്ഞാപന തീയതി അടിസ്ഥാനമാക്കിയും ഉയർന്ന പ്രായം വിജ്ഞാപന വർഷത്തിലെ ജനുവരി ഒന്ന് അടിസ്ഥാനമാക്കിയും നിശ്ചയിച്ച് Public Services (Date For Determination of Age For Eligibility For Appointment) Rules, 1977 ഭേദഗതി ചെയ്യാൻ കഴിയുമോ എന്ന വിഷയത്തിൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഉപദേശ) വകുപ്പിന്റെയും നിയമ വകുപ്പിന്റെയും അഭിപ്രായം തേടിയിരുന്നു. ഓൺലൈൻ സംവിധാനത്തിലൂടെ അപേക്ഷ സമർപ്പിക്കുന്നതിന് നിലവിൽ വ്യവസ്ഥ ഉള്ളതിനാൽ വിജ്ഞാപന കാലയളവിൽ പ്രായം സംബന്ധിച്ച യോഗ്യത നേടിയവരെ കൂടി പരിഗണിക്കുന്നത് പ്രായോഗികമാണോ എന്നത് സംബന്ധിച്ച് പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായംകൂടി ആരാഞ്ഞശേഷം ഫയൽ ലഭ്യമാക്കുവാൻ നിയമ വകുപ്പ് നിർദ്ദേശിച്ചതിൻ പ്രകാരം പി.എസ്.സി.-യോട് ഈ വിഷയത്തിലുള്ള ഉപദേശം തേടുകയും ചെയ്തിരുന്നു.

ഉന്നതവിദ്യാഭ്യാസ വകുപ്പിന് കീഴിലെ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട് ബഹു. ഹൈക്കോടതി മുമ്പാകെ ശ്രീമതി ചന്ദന ആർ. എന്ന ഉദ്യോഗാർത്ഥി ഫയൽ ചെയ്ത OP(KAT)No.22/2020 തീർപ്പാക്കുന്ന അവസരത്തിൽ പി.എസ്.സി. പരീക്ഷകൾക്ക് അപേക്ഷിക്കുന്നതിനുള്ള കുറഞ്ഞ/ഉയർന്ന പ്രായം വിജ്ഞാപന വർഷത്തിലെ ജനുവരി ഒന്നാം തീയതി അടിസ്ഥാനമാക്കി നിശ്ചയിക്കുന്നത് ഭേദഗതി ചെയ്യുന്ന കാര്യം സർക്കാർ പരിശോധിക്കണമെന്നും വിജ്ഞാപന തീയതി അല്ലെങ്കിൽ അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി അടിസ്ഥാനമാക്കി കുറഞ്ഞ പ്രായവും, വിജ്ഞാപന വർഷത്തിലെ ജനുവരി ഒന്നാം തീയതി അടിസ്ഥാനമാക്കി ഉയർന്ന പ്രായവും നിശ്ചയിക്കുന്ന കാര്യം പരിഗണിക്കണമെന്നും ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു.

സർക്കാർ ഇക്കാര്യം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പി.എസ്.സി. മുഖേനയുള്ള പരീക്ഷകൾക്ക് അപേക്ഷിക്കാനുള്ള കുറഞ്ഞ പ്രായം പി.എസ്.സി. വിജ്ഞാപന പ്രകാരം അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി അടിസ്ഥാനമാക്കിയും ഉയർന്ന പ്രായം വിജ്ഞാപന വർഷത്തിലെ ജനവരി ഒന്ന് അടിസ്ഥാനമാക്കിയും നിശ്ചയിച്ച് Public Services (Date For Determination of Age For Eligibility For Appointment) Rules, 1977 ഭേദഗതി ചെയ്യുന്നതിന് തത്വത്തിൽ തീരുമാനിക്കുകയും കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ ഉപദേശം തേടുകയും ചെയ്തിരുന്നു. Public Services (Date For Determination of Age For Eligibility For Appointment) Rules, 1977 മേൽപ്രകാരം ഭേദഗതി ചെയ്യുന്നതിനുള്ള സർക്കാർ തീരുമാനം കമ്മീഷൻ അംഗീകരിച്ചതായും കരട് ഭേദഗതി വിജ്ഞാപനം കമ്മീഷന്റെ ഉപദേശത്തിനായി ലഭ്യമാക്കണമെന്നും കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ അറിയിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു."

പ്രസ്തുത റിപ്പോർട്ട് 3-2-2021-ൽ ചേർന്ന സമിതി യോഗം പരിഗണിക്കുകയും അന്തിമ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് ടി വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു. അതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ഉദ്യോഗാർത്ഥികൾക്ക് ഉപകാരപ്രദമാകുന്ന തരത്തിൽ Public Services (Date For Determination of Age For Eligibility For Appointment) Rules, 1977-ൽ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമെന്ന് സമിതി പ്രത്യാശിക്കുന്നു.

7. വിഷയം:-കോ-ഓപ്പറേറ്റീവ് ഇൻസ്പെക്ടർ തസ്തികയിലേയ്ക്കുള്ള പി.എസ്.സി. നോട്ടിഫിക്കേഷനിലെ അപാകത സംബന്ധിച്ച് ശ്രീ. രമേഷ് എസ്., സമർപ്പിച്ച ഹർജി

(ഫയൽ നം.24454/വൈ.എ.സി3/2019/നി.സെ.)

(ഗവ. റഫറൻസ് നം.431/എ 2/2019/സഹ., തീയതി 17-1-2020)

ഹർജി വിഷയം സംബന്ധിച്ച് സഹകരണ 'എ' വകുപ്പ് ലഭ്യമാക്കിയ 17-1-2020-ലെ കത്ത് മുഖേനയുള്ള ഇടക്കാല റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

"സഹകരണ വകുപ്പിലെ ജൂനിയർ ഇൻസ്പെക്ടർ/ആഡിറ്റർ തസ്തികയിലെ നിയമനത്തിന് 1962-ൽ ചട്ടം രൂപീകരിക്കുന്ന കാലത്ത് ബിരുദ തലത്തിൽ ബി.എ., ബി.എസ്സി., ബി.കോം എന്നീ കോഴ്സുകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. പ്രസ്തുത തസ്തികയിലെ നിയമനത്തിന് നിലവിൽ നിശ്ചയിച്ചിരിക്കുന്ന ബി.എ., ബി.എസ്സി., ബി.കോം. എന്നീ യോഗ്യതകൾക്കുപുറമെ ബി.ടെക്., ബി.ബി.എ., ബി.സി.എ., ബി.എ.എൽ. യോഗ്യതകൾകൂടി ഉൾപ്പെടുത്തി സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യുന്നത് സംബന്ധിച്ച് നിരവധി അപേക്ഷകൾ ലഭ്യമായതിനെ തുടർന്ന് ടി തസ്തികയിലേക്കുള്ള യോഗ്യത അംഗീകൃത സർവ്വകലാശാലയിൽ നിന്നുള്ള ബിരുദം എന്നാക്കി സ്പെഷ്യൽ റൂൾ ഭേദഗതി

ചെയ്യുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. നടപടിക്രമത്തിന്റെ ഭാഗമായി സർവ്വീസ് സംഘടനകളുടെ യോഗം കൂടുകയുണ്ടായി. തുടർന്ന് കരട് നോട്ടിഫിക്കേഷൻ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്തിരുന്നു. ഇപ്പോൾ ചട്ടം നിയമ വകുപ്പിന്റെ പരിശോധനയ്ക്കായി സമർപ്പിച്ചിരിക്കുകയാണ്."

പ്രസ്തുത റിപ്പോർട്ട് 3-2-2021-ൽ ചേർന്ന സമിതി യോഗം പരിഗണിക്കുകയും അംഗീകരിക്കുകയും അന്തിമ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കണമെന്ന് ടി വകുപ്പിനോട് ആവശ്യപ്പെടാൻ തീരുമാനിക്കുകയും ചെയ്തു. അതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഉദ്യോഗാർത്ഥികൾക്ക് അനുകൂലമായ നടപടി സർക്കാരിന്റെ ഭാഗത്തു നിന്നുണ്ടായതിൽ സമിതിക്ക് ചാരിതാർത്ഥ്യമുണ്ട്.

23. യുവജനങ്ങളുമായി ബന്ധപ്പെട്ട് ലഭിക്കുന്ന പരാതികളും നിവേദനങ്ങളും സമിതി സഗൗരവം പരിഗണിക്കുകയും അതിന്മേൽ ലഭിക്കുന്ന സർക്കാർ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രശ്നപരിഹാരത്തിനായി നിർദ്ദേശങ്ങളും ശിപാർശകളും സർക്കാരിലേക്ക് സമർപ്പിക്കുകയും ചെയ്യുന്നു. സമിതിയുടെ ഇടപെടൽ മൂലം നിരവധി യുവജനങ്ങൾക്ക് പ്രയോജനം ലഭിച്ചതിൽ സമിതി സംതൃപ്തി രേഖപ്പെടുത്തുന്നു. സമിതിയുടെ പരിഗണനയിലിരിക്കുന്ന വിവിധ ഹർജി വിഷയങ്ങളിന്മേലും വിവിധ പഠന വിഷയങ്ങളിന്മേലും സമിതിയുടെ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേലുമുള്ള നടപടി സ്റ്റേറ്റ്മെന്റ് യഥാസമയം ലഭ്യമാക്കണമെന്നും ആയത് യഥാസമയം ലഭ്യമാക്കാത്തപക്ഷം ബഹു: സ്പീക്കറുടെ 3-8-2021-ലെ റൂളിംഗിന്റെ അടിസ്ഥാനത്തിൽ സ്വീകരിക്കേണ്ട തുടർ നടപടികളിലേക്ക് സമിതി കടക്കുന്നതാണെന്നുമുള്ള വിവരം ചീഫ് സെക്രട്ടറി, ബന്ധപ്പെട്ട വകുപ്പുകളുടെ സെക്രട്ടറിമാർ എന്നിവരെ യഥാക്രമം 22-9-2021, 14-9-2021 എന്നീ തീയതികളിലെ 14618/വൈ.എ.സി.1/2021/നി.സെ. നമ്പർ കത്ത് മുഖേന അറിയിക്കുകയും റിപ്പോർട്ട് ലഭിക്കുവാനുള്ള വിഷയങ്ങൾ സംബന്ധിച്ച പെൻഡിംഗ് ലിസ്റ്റ് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. സമിതിയുടെ സജീവ പരിഗണനയിലുള്ള വിവിധ വിഷയങ്ങളിന്മേൽ ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾ സമയബന്ധിതമായി നടപടി സ്വീകരിച്ച് റിപ്പോർട്ട് ലഭ്യമാക്കുമെന്നും അതുവഴി യുവജനങ്ങൾ നേരിടുന്ന വിവിധ പ്രശ്നങ്ങളിൽ കൂടുതൽ കാര്യക്ഷമമായി ഇടപ്പെട്ട് പരിഹാരം കാണുന്നതിന് സമിതിയ്ക്ക് സാധിക്കുമെന്നും സമിതി പ്രത്യാശിക്കുന്നു.

**എ. എൻ. ഷംസീർ,**
*അദ്ധ്യക്ഷൻ,*
*യുവജനക്ഷേമവും യുവജനകാര്യവും*
*സംബന്ധിച്ച സമിതി.*

തിരുവനന്തപുരം
20-7-2022.

<u>അനുബന്ധം 1</u>

## സർക്കാരിൽ നിന്നും ലഭിച്ച അനുകൂല റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ നടപടി അവസാനിപ്പിച്ച ഫയലുകൾ

**ആസൂത്രണ സാമ്പത്തികകാര്യ (എഫ്) വകുപ്പ്**

| | |
|---|---|
| 1 | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീ. എ. തോമസ്, ഇടുക്കി സമർപ്പിച്ച ഹർജി.<br>(ഫയൽ നമ്പർ 15547/വൈ.എ.സി.3/2012/നി.സെ.) |
| 2 | വിദ്യാഭ്യാസ വായ്പാ തിരിച്ചടവിൽ പലിശയിളവ് അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. രാജേഷ് കുമാർ, പുതുക്കാട് സമർപ്പിച്ച ഹർജി.<br>(ഫയൽ നമ്പർ 15982/വൈ.എ.സി.3/2012/നി.സെ.) |
| 3 | വിദ്യാഭ്യാസ വായ്പാ തിരിച്ചടവിൽ നിന്നും ഒഴിവാക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി അന്നമ്മ മാത്യൂ സമർപ്പിച്ച ഹർജി.<br>(ഫയൽ നമ്പർ 16592/വൈ.എ.സി.3/2012/നി.സെ.) |
| 4 | വിദ്യാഭ്യാസ വായ്പ അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി ശ്രീലേഖ കെ. ജെ. സമർപ്പിച്ച ഹർജി.<br>(ഫയൽ നമ്പർ 15482/വൈ.എ.സി.1/2012/നി.സെ.) |
| 5 | വിദ്യാഭ്യാസ വായ്പാ തിരിച്ചടവിന് സാവകാശം നൽകണമെന്നാവശ്യപ്പെട്ട് ശ്രീമതി ദീനാമ്മ ജോൺ സമർപ്പിച്ച ഹർജി.<br>(ഫയൽ നമ്പർ 15474/വൈ.എ.സി.1/2012/നി.സെ.) |
| 6 | വിദ്യാഭ്യാസ വായ്പാ തിരിച്ചടവിൽ ഇളവുകൾ അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. തോമസ് എ. സമർപ്പിച്ച ഹർജി.<br>(ഫയൽ നമ്പർ 15547/വൈ.എ.സി.3/2012/നി.സെ.) |
| 7 | വിദ്യാഭ്യാസ വായ്പയുടെ തിരിച്ചടവ് ഒഴിവാക്കി നൽകണമെന്നാവശ്യപ്പെട്ട് ശ്രീ. പി. വി. അഗസ്റ്റി സമർപ്പിച്ച ഹർജി.<br>(ഫയൽ നമ്പർ 16846/വൈ.എ.സി.2/2012/നി.സെ.) |

അനുബന്ധം II

## സർക്കാർ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ നടപടി അവസാനിപ്പിച്ച ഫയലുകൾ

**ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്**

| | |
|---|---|
| 1 | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീ. ഇജാസ് മലപ്പുറം സമർപ്പിച്ച ഹർജി.<br>(ഫയൽ നമ്പർ 15636/വൈ.എ.സി.3/2012/നി. സെ.) |
| 2 | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീ. ശ്രീജിത്ത്, കോട്ടയം സമർപ്പിച്ച ഹർജി.<br>(ഫയൽ നമ്പർ 16173/വൈ.എ.സി.3/2012/നി. സെ.) |
| 3 | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീ. വേണുഗോപാലൻ എം.എസ്. സമർപ്പിച്ച ഹർജി.<br>(ഫയൽ നമ്പർ 15333/വൈ.എ.സി.2/2012/നി. സെ.) |
| 4 | വിദ്യാഭ്യാസ വായ്പ അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ഗോഡ്സ്റ്റൺ സ്റ്റീഫൻ സമർപ്പിച്ച ഹർജി.<br>(ഫയൽ നമ്പർ 15273/വൈ.എ.സി.2/2012/നി. സെ.) |
| 5 | വിദ്യാഭ്യാസ വായ്പാ കുടിശ്ശിക ഗഡുക്കളായി അടയ്ക്കുന്നതിന് അനുമതിയും തിരിച്ചടവിൽ പലിശയിളവും അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി ദീപാമോൾ സമർപ്പിച്ച ഹർജി.<br>(ഫയൽ നമ്പർ 15714/വൈ.എ.സി.2/2012/നി. സെ.) |
| 6 | വിദ്യാഭ്യാസ വായ്പാ തിരിച്ചടവിന് സാവകാശം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീമതി സീമ ജോസഫ് സമർപ്പിച്ച ഹർജി.<br>(ഫയൽ നമ്പർ 16686/വൈ.എ.സി.2/2012/നി. സെ.) |
| 7 | വിദ്യാഭ്യാസ വായ്പ അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. പ്രേമരാജൻ സമർപ്പിച്ച ഹർജി.<br>(ഫയൽ നമ്പർ 15506/വൈ.എ.സി.1/2012/നി. സെ.) |

| | |
|---|---|
| 8 | വിദ്യാഭ്യാസ വായ്പ അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. സെൽവരാജ് റ്റി.എസ്. സമർപ്പിച്ച ഹർജി.<br>(ഫയൽ നമ്പർ 15550/വൈ.എ.സി.1/2012/നി. സെ.) |
| 9 | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീ. പ്രവീൺ കുമാർ, കൊല്ലം സമർപ്പിച്ച ഹർജി.<br>(ഫയൽ നമ്പർ 24835/വൈ.എ.സി.1/2018/നി. സെ.) |
| 10 | വിദ്യാഭ്യാസ വായ്പ സംബന്ധിച്ച് ശ്രീ. മൈതീൻ കുഞ്ഞ് സമർപ്പിച്ച ഹർജി.<br>(ഫയൽ നമ്പർ 16667/വൈ.എ.സി.2/2012/നി. സെ.) |

**ഉന്നത വിദ്യാഭ്യാസ വകുപ്പ്**

| | |
|---|---|
| 11 | വിദൂര വിദ്യാഭ്യാസം വഴി നേടിയ യോഗ്യത പി.എസ്.സി. അംഗീകരിക്കാത്തത് സംബന്ധിച്ച് ശ്രീ. ഷിബു കെ.പി., തൃക്കാക്കര സമർപ്പിച്ച ഹർജി<br>(ഫയൽ നമ്പർ 21456/വൈ.എ.സി.3/2014/നി. സെ.) |
| 12 | സംസ്ഥാനത്തെ എയ്ഡഡ് കോളേജ്, വൊക്കേഷണൽ ഹയർ സെക്കന്ററി എന്നിവിടങ്ങളിലെ നിയമനങ്ങളിലെ എസ്.സി./എസ്.റ്റി. അനുപാതം സംബന്ധിച്ച ചോദ്യാവലിക്കുള്ള മറുപടി<br>(ഫയൽ നമ്പർ 23112/വൈ.എ.സി.2/2018/നി. സെ.) |

**കായിക യുവജനകാര്യ വകുപ്പ്**

| | |
|---|---|
| 13 | വയനാട് ജില്ലയിലെ അന്ധരായ യുവജനങ്ങളുടെ ആവശ്യങ്ങൾ സംബന്ധിച്ച് കേരള ഫെഡറേഷൻ ഓഫ് ബ്ലൈൻഡ്സ് പ്രസിഡന്റ് ശ്രീ. കൃഷ്ണൻ എം. സമർപ്പിച്ച ഹർജി<br>(ഫയൽ നമ്പർ 25019/വൈ.എ.സി.3/2017/നി.സെ.) |

**ആരോഗ്യ കുടുംബക്ഷേമ വകുപ്പ്**

| | |
|---|---|
| 14 | ആരോഗ്യ വകുപ്പിലെ മെഡിക്കൽ റെക്കോർഡ്സ് ലൈബ്രേറിയൻ തസ്തികയിലെ നിയമനം സംബന്ധിച്ച് ശ്രീമതി മഞ്ജു ആർ. സമർപ്പിച്ച ഹർജി. (ഫയൽ നമ്പർ 19850/വൈ.എ.സി.3/2020/നി. സെ.) |

**ആഭ്യന്തര വകുപ്പ്**

| | |
|---|---|
| 15 | ഇന്ത്യാ റിസർവ് ബറ്റാലിയൻ റഗുലർ വിംഗ് പോലീസ് കോൺസ്റ്റബിൾ തസ്തികയിലെ ഒഴിവുകൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീ. നിതിൻ എം. നായർ സമർപ്പിച്ച ഹർജി. (ഫയൽ നമ്പർ 20173/വൈ.എ.സി.2/2020/നി. സെ.) |
| 16 | മലപ്പുറം ജില്ലയിൽ പോലീസ് കോൺസ്റ്റബിൾ ഡ്രൈവർ തസ്തിക സൃഷ്ടിച്ച് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നൽകാൻ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. കൃഷ്ണചന്ദ്രൻ എ. സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 20395/വൈ.എ.സി.2/2020/നി.സെ.) |
| 17 | ഇടുക്കി, കോട്ടയം ജില്ലകളിലെ സിവിൽ പോലീസ് ഓഫീസർ തസ്തികയിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിന് കാലതാമസം ഉണ്ടാകുന്നതും തസ്തികകൾ സൃഷ്ടിക്കുന്നതും സംബന്ധിച്ച് ശ്രീ. രോഹിത് സമർപ്പിച്ച ഹർജി (ഫയൽ നമ്പർ 25786/വൈ.എ.സി.2/2019/നി.സെ.) |

**വ്യവസായ വകുപ്പ്**

| | |
|---|---|
| 18 | കേരള ഖാദി ഗ്രാമ വ്യവസായ ബോർഡിലെ നിയമന ശിപാർശയിലെ ക്രമക്കേട് സംബന്ധിച്ച് ശ്രീ. എം. സെബാസ്റ്റ്യൻ, ആലപ്പുഴ സമർപ്പിച്ച ഹർജി. (ഫയൽ നമ്പർ 25566/വൈ.എ.സി.1/2019/നി.സെ.) |

**മത്സ്യബന്ധനവും തുറമുഖവും വകുപ്പ്**

| | |
|---|---|
| 19 | ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ് II തസ്തികയിലെ നിയമനം സംബന്ധിച്ച് ശ്രീ. അലക്സ് ജി. തോമസ് സമർപ്പിച്ച ഹർജി<br>(ഫയൽ നമ്പർ 20368/വൈ.എ.സി.2/2020/നി. സെ.) |

**തൊഴിലും നൈപുണ്യവും വകുപ്പ്**

| | |
|---|---|
| 20 | അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് II തസ്തികയിലെ നിയമനം സംബന്ധിച്ച് ശ്രീ. ശ്രീജിത്ത്, കൊല്ലം സമർപ്പിച്ച ഹർജി<br>(ഫയൽ നമ്പർ 16116/വൈ.എ.സി.2/2016/നി. സെ.) |

**സഹകരണ വകുപ്പ്**

| | |
|---|---|
| 21 | തൃശ്ശൂർ ജില്ലാ സഹകരണ ബാങ്ക് ബ്രാഞ്ച് മാനേജർ തസ്തികയിൽ നിയമന നടപടി ആവശ്യപ്പെട്ട് ശ്രീമതി അജിതാ ജോൺ, തൃശ്ശൂർ സമർപ്പിച്ച ഹർജി<br>(ഫയൽ നമ്പർ 20698/വൈ.എ.സി.2/2020/നി. സെ.) |